"ഭരണഭാഷ-മാതൃഭാഷ-"

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ്—സർക്കാർ ക്വാർട്ടേഴ്സുകളിൽ ജീവനക്കാരുടെ അനധികൃത താമസം — നിയമങ്ങൾ കർശനമായി പാലിക്കണമെന്ന നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുമരാമത്ത് (ഇ) വകുപ്പ്

**സ. ഉ. (സാധാ) നമ്പർ 893/2019/പൊ.മ.വ.** തിരുവനന്തപുരം, തീയതി 2019 ജൂലൈ 18.

പരാമർശം:— 1. 28-2-2006-ലെ സ. ഉ. (കൈ) നമ്പർ 11/2006/പൊമവ.

2. 7-9-2016-ലെ സ. ഉ. (കൈ) നമ്പർ 65/2016/പൊമവ.

## ഉത്തരവ്

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അലോട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാമർശം 1, 2 എന്നിവ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് പല ജില്ലകളിലും സർക്കാർ ക്വാർട്ടേഴ്സുകളിൽ റിട്ടയർ ചെയ്തവരും സ്ഥലം മാറ്റം ലഭിച്ചവരും അനധികൃതമായി താമസിച്ചുവരുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർ സ്ഥലം മാറി പോകുമ്പോഴും വിരമിക്കുമ്പോഴും ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എഞ്ചിനീയർമാരും ജില്ലാ കളക്ടർമാരും അറിയുന്നില്ല. മാത്രമല്ല, സർക്കാർ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻ ഓരോ വർഷവും ജനുവരി മാസം അവസാനിക്കുന്നിന് മുൻപ് അദ്ദേഹത്തിന്റേയോ ഭാര്യയുടെയോ അവിവാഹിതരായ മക്കളുടെയോ പേരിൽ മുൻ വർഷം, ക്വാർട്ടേഴ്സിന് 20 കിലോ മീറ്റർ ചുറ്റളവിനുള്ളിൽ സ്വന്തമായി വാസഗൃഹം വാങ്ങുകയോ ലഭിക്കുകയോ ചെയ്തിട്ടില്ല എന്ന് സത്യവാങ്മൂലം ജില്ലാകളക്ടർക്ക് നൽകേണ്ടതുണ്ട്. എന്നാൽ ഈ വ്യവസ്ഥയും കൃത്യമായി പാലിക്കപ്പെടുന്നില്ല.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അലോട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ജീവനക്കാരുടെ ക്വാർട്ടർ അലോട്ട്മെന്റ് ചട്ടങ്ങളിലെ ചട്ടം 16(iii) പ്രകാരം ക്വാർട്ടേഴ്സിലെ താമസക്കാരായ ജീവനക്കാർ വിരമിക്കുമ്പോൾ പെൻഷൻ ആനുകൂല്യങ്ങളും സ്ഥലം മാറി പോകുന്ന ജീവനക്കാർക്ക് എൽ. പി. സി. യും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ നൽകാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ വകുപ്പ്/ഓഫീസ് മേധാവികളും ഈ ചട്ടം കൃത്യമായി പാലിക്കേണ്ടതാണ്.

2. സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിച്ചു വരുന്ന എല്ലാ അനധികൃത താമസക്കാരെയും കണ്ടെത്തി ഒഴിപ്പിക്കുന്നതിന് അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാരും പൊതുമരാമത്ത് എഞ്ചിനീയർമാരും സംയുക്ത പരിശോധന നടത്തേണ്ടതും അപ്രകാരം കണ്ടെത്തുന്നവരിൽ നിന്നും അവർ അനധികൃതമായി താമസിച്ച കാലയളവിലേയ്ക്ക് മൂന്നിരട്ടി വാടക പിഴയായി ഈടാക്കുന്നതിനും അവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിർദ്ദേശം നല്കേണ്ടതുണ്ട്.

3. പരാമർശം (1) ലെ ചട്ടം 4(a)(vi) പ്രകാരം സർക്കാർ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഉദ്യോഗസ്ഥൻ ഓരോ വർഷവും ജനുവരി മാസം അവസാനിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റേയോ ഭാര്യയുടെയോ അവിവാഹിതരായ മക്കളുടെയോ പേരിൽ മുൻ വർഷം, ക്വാർട്ടേഴ്സിന് 20 കിലോ മീറ്റർ ചുറ്റളവിനുള്ളിൽ സ്വന്തമായി വാസഗൃഹം വാങ്ങുകയോ ലഭിക്കുകയോ ചെയ്തിട്ടില്ല എന്ന് സത്യവാങ്മൂലം ജില്ലാ കളക്ടർക്ക് നൽകേണ്ടതുണ്ട്. അപ്രകാരം സത്യവാങ്മൂലം നൽകാത്തവർക്കെതിരെ ഈ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് അവരെ ക്വാർട്ടേഴ്സിൽ നിന്നും ഒഴിപ്പിക്കാനുള്ള നടപടികൾ എല്ലാ ജില്ലാകളക്ടർമാരും സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജി. കമലവർദ്ധന റാവു,**
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ് :—

എല്ലാ ജില്ലാകളക്ടർമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എൻജിനീയർമാർക്കും.

എല്ലാ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ്/ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും.

ധനകാര്യ വകുപ്പ്.

പൊതുഭരണ (സർവ്വീസസ്/അക്കൗണ്ട്സ്) വകുപ്പ്.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ഓഡിറ്റ്) തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

POLICE DEPARTMENT

KERALA

**Endt No G2-49950/2019/ID Dated. 23-10-2019**

Copy of the Govt. order No. 893/2019/PWD Dated. 18-07-2019 regarding the allotment and occupation of Govt. quarters, is forwarded to all Officers and Ministerial staff for information and strict compliance.

Sukumaran P
Additional Superintendent of Police (ic)
For District Police Chief
District Police Office, Idukki
spidk.pol@kerala.gov.in
04862232354

Internal Administrative Processing System
iAPS
KERALA POLICE

G2-49950/2019/ID febaf8